I ഇ.ബി.XIII –കേരള നിയമസഭ/X—3

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 7, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### കസ്തൂരിരംഗൻ റിപ്പോർട്ട്

മി. സ്പീക്കർ : കേന്ദ്ര ഗവൺമെന്റിന്റെയും ഗാഡ്ഗില്-കസ്തൂരിരംഗൻ കമ്മിറ്റികളുടെയും മുമ്പാകെ സംസ്ഥാന താല്പര്യങ്ങൾ വസ്തുനിഷ്ഠവും കാര്യകാരണ സഹിതവും യഥാസമയം അവതരിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതിലും കേന്ദ്ര ഗവൺമെന്റ് നിസ്സംഗത തുടരുന്നതിലും മലയോര മേഖലയിലെ ജനങ്ങളാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.കെ. ജയചന്ദ്രന്, വി.എസ്. സുനിൽ

കുമാര്, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്) : ലോകത്തിലെ എട്ട് അതീവ ജൈവ വൈവിധ്യ മേഖലകളിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് ഭാരതത്തിലെ പശ്ചിമഘട്ട മലനിരകള്. ഭാരതത്തിൽ ആകെയുള്ള സ്പീഷീസുകളിൽ 27 ശതമാനം പശ്ചിമഘട്ടത്തിൽ കാണുന്നുവെന്നാണ് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നത്. തലമുറകളായി കൃഷിയും മറ്റ് തൊഴിലും ഉപജീവനമാക്കിയ സാമാന്യ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന രൂപത്തിൽ തീരുമാനമെടുക്കാൻ ഒരു ഗവൺമെന്റിന് കഴിയില്ല. അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ ചില സംഭവവികാസങ്ങളുടെ പരിണിത ഫലമാണ്. ഇതിനുമുമ്പുള്ള ഓഫീസ് മെമ്മോറാണ്ടങ്ങളെല്ലാം അസാധുവാണെന്നും ഏറ്റവും അവസാനം ഇറക്കിയതാണ് പ്രാബല്യത്തിൽ നിൽക്കുന്നതെന്നുമുള്ള നിലയിലാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതിൽത്തന്നെ ഫിസിക്കൽ വെരിഫിക്കേഷൻ വളരെ അത്യാവശ്യമാണെന്നും പറയുന്നുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളുടെയിടയിൽ ഭയാശങ്കകളുമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശങ്ങൾ സന്ദർശിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച ശ്രീ. ഉമ്മൻ വി. ഉമ്മൻ

ചെയർമാനായ കമ്മിറ്റി 24 നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കർഷക താല്പര്യങ്ങൾ പൂർണ്ണമായി പരിരക്ഷിച്ചുകൊണ്ടുപോകും എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u> : ജനങ്ങളുടെ ആശങ്കയകറ്റാൻ കഴിയുന്ന തരത്തിലല്ല, മറിച്ച് വളരെ ലാഘവത്തോടുകൂടിയാണ് ഗവൺമെന്റ് ഈ പ്രശ്നത്തെ സമീപിച്ചുകൊണ്ടിരിക്കുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ സംസ്ഥാനത്തെ മലയോര ജില്ലകളിൽ നൂറ്റാണ്ടുകളായി കൃഷി ചെയ്ത് ജീവിച്ചുവരുന്ന 22 ലക്ഷത്തിലധികം ജനങ്ങളുടെ ജീവിതം തകരുമെന്ന കാര്യത്തിൽ സംശയമില്ല. ഇടുക്കി, വയനാട് ജില്ലകൾ പൂർണ്ണമായും ആലപ്പുഴ ജില്ലയൊഴികെയുള്ള ജില്ലകളിലെ ഏകദേശം 250-ഓളം വില്ലേജുകളിലെ ജനജീവിതവും അസാധ്യമാകും. പശ്ചിമഘട്ട ഭൂപ്രദേശത്ത് ലോക പൈതൃക സംഘടനകളുടെ നിബന്ധനകൾ എങ്ങനെ നടപ്പിലാക്കാമെന്ന് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 2010-ൽ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിച്ചുവെങ്കിലും ജനപ്രതിനിധികളുമായോ കർഷക സംഘടനകളുമായോ ചർച്ച ചെയ്യാതെയും ഭൂപ്രദേശങ്ങൾ സന്ദർശിച്ച് നിലവിലെ സ്ഥിതി മനസ്സിലാക്കാതെയുമാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. അവർ നൽകിയ റിപ്പോർട്ടിൽ പ്രൊട്ടക്റ്റഡ് ഏരിയ സോൺ 1, 2, 3 എന്ന ഗണത്തിൽപ്പെടുത്തി 450 പഞ്ചായത്തുകൾ വരുന്ന പ്രദേശങ്ങൾ ആദ്യം

പ്രഖ്യാപിക്കുകയാണുണ്ടായത്. എം.പി. മാരിൽ ചിലരും പരിസ്ഥിതി പ്രവർത്തകരുമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്. പ്രാദേശിക ഭാഷയിൽ പ്രസിദ്ധീകരിക്കാതെ ഇംഗ്ലീഷിൽ മാത്രം റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് പ്രതിഷേധത്തിനിടയാക്കി. ജനങ്ങൾ സമരരംഗത്ത് വന്നപ്പോൾ റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കാൻ കസ്തൂരിരംഗനെ ചുമതലപ്പെടുത്തി. കേരളത്തിലെ ഹൈറേഞ്ച് മേഖലയിൽ ആനയും കാട്ടുമൃഗങ്ങളും സഞ്ചരിക്കുന്ന പ്രദേശങ്ങൾ മാത്രമാണ് പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ പ്രദേശമാകെ വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ വരുന്നതോടുകൂടി ഇടുക്കി, വയനാട് ജില്ലകളുടെ ഭൂരിഭാഗം പ്രദേശങ്ങൾ ഇല്ലാതാകുകയും ആദിവാസി, കാർഷിക മേഖലകളിലെ ജനജീവിതം അസാധ്യമായിത്തീരുകയും ചെയ്യും. കാർഷിക-തോട്ടം മേഖലകളെയും ജനവാസ കേന്ദ്രങ്ങളെയും ബാധിക്കാത്ത നിലയിൽ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് ഗവൺമെന്റ് ശക്തമായി ഇടപെടണമെന്ന് നിയമസഭതന്നെ തീരുമാനിച്ചിരുന്നുവെങ്കിലും അതിന്മേൽ ഒരുതരത്തിലുള്ള ഇടപെടലുകളും സർക്കാർ നടത്താതിരുന്നതുകൊണ്ടാണ് ഈ സ്ഥിതി രൂപപ്പെട്ടത്. ജനജീവിതം മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം യാതൊരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന സമരങ്ങളേയും പ്രക്ഷോഭങ്ങളേയും അവഹേളിക്കുന്ന രീതിയിലുള്ള

സർക്കാർ സമീപനത്തിൽ മാറ്റം വരുത്തണം. സമസ്ത ജനവിഭാഗങ്ങളും സമരരംഗത്ത് നിൽക്കുമ്പോൾ അവർ ക്വാറി മുതലാളിമാരിൽനിന്നും മണൽമാഫിയകളിൽനിന്നും പണം കൈപ്പറ്റിയാണ് സമരം നടത്തുന്നതെന്ന ആക്ഷേപമാണ് പ്രചരിപ്പിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ടുകൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടാകുകയില്ല. 2013-ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പിൻവലിച്ചു എന്ന് അവകാശപ്പെടുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ്. പരിസ്ഥിതി അനുമതിക്കുള്ള അപേക്ഷകൾ സ്വതന്ത്രവും വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ പരിശോധിച്ച് തീർപ്പാക്കുന്നതിന് ദേശീയ റെഗുലേറ്ററെ നിയമിക്കണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം മാർച്ച് 31-നകം നടപ്പിലാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിധി വന്നതിലൂടെ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ടിന് പ്രസക്തിയില്ലാതായിരിക്കുകയാണ്. രണ്ട് മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നാൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയാത്ത സ്ഥിതി വരും. അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്ന സംഘടന വനവൽക്കരണത്തിനുവേണ്ടി തയ്യാറാക്കിയ പുതിയ പദ്ധതിക്ക് സംസ്ഥാന വനം വകുപ്പ് അംഗീകാരം നൽകിയെന്നതും ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്.

അപ്രഖ്യാപിതമായ കുടിയിറക്കൽ ഭീഷണിയാൽ ജീവിതം ദുസ്സഹമായിരിക്കുന്ന മലയോര നിവാസികളുടെ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സംസ്ഥാന ഗവൺമെന്റ് നിയമിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ റെഡ് ഇൻഡസ്ട്രീസായി 20000 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾ, ടൗൺഷിപ്പുകൾ എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. റെഡ് ഇൻഡസ്ട്രീസിൽ ആശുപത്രികളെ മാറ്റണമെന്നും ഡയറി ഫാമിംഗിനെ ഒഴിവാക്കണമെന്നുമുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. റബ്ബർ, കാപ്പി, തേയില തുടങ്ങിയ നാണ്യവിളകളെ ഏകവിള നിരോധനം ബാധിക്കില്ല എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് കർഷകന്റെ ആശങ്ക അകറ്റണം, മനുഷ്യനേയും കൃഷിക്കാരേയും വന്യജീവികൾ ആക്രമിക്കുന്നത് തടയാനായി ട്രഞ്ചുകൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കണം, സങ്കരയിനം പശുക്കളെ വളർത്തുന്നതിന് നിരോധനമുണ്ടാകരുത്, പ്രതികൂല കാലാവസ്ഥയെ ചെറുക്കാൻ കഴിവുള്ള നാടൻ കന്നുകാലികളെ പ്രോത്സാഹിപ്പിക്കണം, നിലവിലുള്ള കൃഷിയിടങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാനും കർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും വേണ്ടി പശ്ചിമഘട്ട പ്രദേശങ്ങളിൽ സംയോജിത കൃഷി പ്രോത്സാഹിപ്പിക്കണം, വനാവകാശ നിയമപ്രകാരം പാരമ്പര്യമായി പട്ടികവർഗ്ഗക്കാർക്ക് പശ്ചിമഘട്ട

പ്രദേശങ്ങളിൽ ലഭിച്ചിട്ടുള്ളതും കൈവശംവച്ച് അനുഭവിക്കുന്നതുമായ പാർപ്പിടം, കൃഷി എന്നിവയ്ക്ക് ഈ റിപ്പോർട്ട് തടസ്സമാകരുത് എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ഡൈനാമിറ്റ്, സ്ഫോടക വസ്തുക്കൾ, രാസപദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായി നിരോധിക്കണം എന്നുള്ളത് റിപ്പോർട്ടിന്റെ മറുവശമാണ്. മലയോര നിവാസികളെ കയ്യേറ്റക്കാരായി കാണുന്നില്ലെന്നുമാത്രമല്ല, ഗ്രോ മോർ ഫുഡിന്റെ അടിസ്ഥാനത്തിൽ കർഷകരെ കുടിയിരുത്തി സംരക്ഷണം കൊടുക്കുകയും കഴിയുന്നത്ര ആളുകൾക്ക് പട്ടയം കൊടുത്ത് ലീഗലൈസ് ചെയ്യാനുമുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. മലയോര മേഖല പൂർണ്ണമായും വനം-പരിസ്ഥിതി വകുപ്പിന്റെ കൈവശത്തിലാകുമെന്ന ആശങ്ക സംബന്ധിച്ച് നിയമ വിദഗ്ദ്ധരുമായി ആലോചിക്കുന്നതാണ്. മലയോര കർഷകർക്ക് യാതൊരുവിധ ആശങ്കയും ഉണ്ടാകാൻ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുകയില്ലെന്നു മാത്രമല്ല, അവരെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് സമർപ്പിച്ചയുടൻ ഗവൺമെന്റിന്റെ നിലപാട് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഓഫീസ് മെമ്മോറാണ്ടത്തിൽ മാറ്റങ്ങൾ വരുത്താൻ തീരുമാനമെടുത്തത്. സംസ്ഥാന മന്ത്രിസഭ ഒന്നടങ്കം പ്രധാനമന്ത്രിയെ നേരിട്ട് കാണുകയും നിലപാടുകൾ വിശദീകരിക്കുകയും കേരളത്തിന്റെ ആശങ്ക പരിപൂർണ്ണമായി ഉൾക്കൊള്ളുമെന്ന്

അദ്ദേഹം അറിയിക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുതാത്പര്യം പരിഗണിച്ചുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സുപ്രീം കോടതിയുടെ വിധിപകർപ്പ് ലഭ്യമായാലുടൻ നിയമ വിദഗ്ദ്ധരുമായി ആലോചിച്ച് പൊതുജന താത്പര്യം പരിരക്ഷിക്കുന്നതിന് തീരുമാനമെടുക്കുന്നതാണ്. ശ്രീ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് മേൽ നടപടികളെടുക്കണമെന്നതാണ് സർക്കാർ നിലപാട്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം കൂടിയുണ്ടാകണം. മുഖ്യമന്ത്രിയുടെ അഭിപ്രായം കൂടി കേട്ടശേഷം അവസാന തീരുമാനമെടുക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. കോടിയേരി ബാലകൃഷ്ണൻ റൂൾ 130 അനുസരിച്ച് നൽകിയ നോട്ടീസ് ബി.എ.സി. യിൽ അംഗീകരിച്ചതുകൊണ്ടാണ് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ സാധിക്കാത്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 50 അനുസരിച്ചുള്ള അടിയന്തര പ്രമേയം ചർച്ച ചെയ്തു കഴിഞ്ഞാൽ റൂൾ 130 അനുസരിച്ച് നൽകിയ നോട്ടീസിന് പ്രസക്തിയില്ല. ബി.എ.സി.യിൽ തീരുമാനം എടുക്കാത്തതുകൊണ്ടാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.

മി. സ്പീക്കര്: ബി.എ.സി. യിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ റൂൾ 130 അനുസരിച്ചുള്ള വിഷയത്തിന്മേൽ ചർച്ച നടത്താനുള്ള തീയതി പിന്നീട്

തീരുമാനിക്കാമെന്നാണ് പറഞ്ഞത്. ചർച്ച വേണ്ടെന്ന് ആരും പറഞ്ഞിട്ടില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> 2013 ഡിസംബർ മാസം ഇരുപതാം തീയതി പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തോടുകൂടി ഇതുവരെയുണ്ടായിരുന്ന അവ്യക്തതകൾ മാറിയിരിക്കുന്നു. റിമോട്ട് സെൻസിംഗ് വഴി പ്ലാന്റേഷനെല്ലാം വനമായി രേഖപ്പെടുത്തിയിരിക്കുകയാണ്. 123 വില്ലേജുകളിൽപ്പെട്ട കോട്ടയം ജില്ലയിലെ പൂഞ്ഞാര്, തെക്കേക്കര, മേലുകാവ് എന്നീ മൂന്ന് വില്ലേജുകളിൽ ഒരു സെന്റ് ഭൂമി പോലും വനഭൂമിയല്ല. മുഴുവനും പ്ലാന്റേഷൻ ഏരിയയാണ്. റിമോട്ട് സെൻസിംഗിലാണ് വനമായി വന്നത്. അതുകൊണ്ട് ആ സ്ഥലങ്ങളിലെല്ലാം ഫിസിക്കൽ വെരിഫിക്കേഷൻ വേണമെന്നുള്ളത് അംഗീകരിക്കുന്നു. കോടതിയുടെ മുമ്പിൽ നിയമപരമായും സാങ്കേതികപരമായും ബോധ്യപ്പെടുത്തേണ്ടതിനാൽ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും 30 സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തി റിപ്പോർട്ട് സർക്കാരിനു നൽകുകയും അത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതും കൂടി സ്വീകരിച്ചശേഷം മാത്രമേ എക്സ്പേർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുകയുള്ളൂ. അതോടോപ്പം 123 വില്ലേജുകളിലും പഞ്ചായത്ത് പ്രസിഡന്റുമാരെ അദ്ധ്യക്ഷനാക്കി കമ്മിറ്റി രൂപീകരിക്കുകയും പഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസര്, വില്ലേജ് ഓഫീസര്, ജനപ്രതിനിധികൾ എന്നിവരെ പ്രസ്തുത

കമ്മിറ്റിയിൽ ഉൾപ്പെടുത്തി ഗ്രൗണ്ട് റിയാലിറ്റി ഫിസിക്കൽ വെരിഫിക്കേഷൻ പൂർത്തീകരിച്ച് ജനുവരി മാസം പത്താം തീയതി ജില്ലാകളക്ടർമാർക്ക് അവർ റിപ്പോർട്ട് നൽകേണ്ടതും ആണ്. ജില്ലാകളക്ടർമാർ ജനുവരി മാസം പതിമൂന്നാം തീയതിക്കകം സർക്കാരിലേക്ക് റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനവാസകേന്ദ്രങ്ങളും വനമേഖലയും തരംതിരിക്കേണ്ടതുമാണ്. പരിസ്ഥിതി സംരക്ഷണം ജനജീവിതം തടസ്സപ്പെടുത്താത്ത രീതിയിൽ ആയിരിക്കണമെന്നതാണ് സർക്കാർ നിലപാട്. പത്തനംതിട്ട ജില്ലയിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിന് ഓർഡർ നൽകാത്തത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പരിസ്ഥിതിയേയും ജനജീവിതത്തേയും ദോഷകരമായി ബാധിക്കാത്ത വിധത്തിൽ മാധവ് ഗാഡ്ഗില്-കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. സുപ്രീംകോടതിയേയും ഗ്രീൻ ട്രിബ്യൂണലിനേയും ഇക്കാര്യത്തിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് ബോധ്യപ്പെടുത്തുന്നതാണ്. പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്തിന് സ്വീകാര്യമല്ല. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ കാതലായ മാറ്റങ്ങൾ വരുത്താനാണ് സംസ്ഥാനം ശ്രമിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ ഒരു കുടുംബത്തിനും കുടിയിറങ്ങേണ്ടി വരുന്ന സാഹചര്യവുമുണ്ടാക്കില്ല. കേരളത്തിലെ ജനങ്ങൾക്കും വനം-വന്യജീവികൾക്കും

ദോഷകരമാകുന്ന ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കില്ല. സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഓഫീസ് മെമ്മോറാണ്ടം ഇറക്കിയിരിക്കുന്നത്. കേരളത്തിന്റെ വികാരങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള നോട്ടിഫിക്കേഷനായിരിക്കും മാധവ് ഗാഡ്ഗില്-കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്നതെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പ്രസ്താവന നടത്തുകയും കേരളത്തിലെ മലയോര മേഖലകളിൽനിന്നുള്ള എല്.ഡി.എഫ് എം.എല്.എ. മാർ സഭാ കവാടത്തിൽ ഇന്ന് സത്യാഗ്രഹം അനുഷ്ഠിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്ത ശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോയി. കൂടാതെ സർവ്വശ്രീ സി. ദിവാകരന്, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കളും പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) നിയമവിരുദ്ധ കരിമണൽ ഖനനം

ശ്രീ. സി. ദിവാകരന്: കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരപ്രദേശങ്ങളിൽ കരിമണൽ ഖനനം നടക്കാത്തതുമൂലം കെ.എം.എം.എല്., ടി.ടി.പി., കേന്ദ്രഗവൺമെന്റിന്റെ ഐ.ആര്.ഇ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽസ്തംഭനം നേരിടുകയും അന്യസംസ്ഥാനങ്ങളിൽനിന്നും കരിമണൽ ഇറക്കുമതി ചെയ്യുന്നതിനാൽ വൻതോതിലുള്ള അഴിമതി നടക്കുകയും ചെയ്യുന്നു. സ്വകാര്യ മേഖലയിലെ കമ്പനികൾക്ക് ഗവൺമെന്റ് നിയന്ത്രണത്തിൽ ഖനനം ചെയ്യുന്ന കരിമണലിന് വില നിശ്ചയിച്ച് നൽകണം. കോടിക്കണക്കിന് രൂപയുടെ കരിമണൽ കടത്ത് സ്വകാര്യ മേഖലയിൽ നടക്കുന്നത് കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. കേന്ദ്രഗവൺമെന്റിന്റെ അനുവാദത്തോടുകൂടി കരിമണൽ ഖനനം നടത്തുന്നതിനുള്ള പരിപൂർണ്ണ നിയന്ത്രണം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്നും ഈ സ്ഥാപനങ്ങളിലെ തൊഴിൽ സ്തംഭനം നേരിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കൊല്ലം, ചവറ, കരുനാഗപ്പള്ളി മേഖലയിൽ കരിമണൽ

കള്ളക്കടത്ത് തടയാൻ  ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.  ഇപ്പോൾ കള്ളക്കടത്ത് നിലച്ചതായുള്ള പോലീസ് റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. ഐ.ആർ.ഇ. യെക്കൊണ്ട് വേണ്ടവിധം ഖനനം നടത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നുണ്ട്. സ്വകാര്യ മേഖലയിൽ ഖനനം അനുവദിക്കുന്നതിന് ഗവൺമെന്റ് ഇതുവരെയും ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. കെ.എം.എം.എല്. ന് ഇപ്പോൾ റാ-മെറ്റീരിയൽ ലഭ്യമാകുന്നുണ്ട്. ടി.ടി.പി. ക്ക് റാ-മെറ്റീരിയൽ ലഭ്യമാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്.

## (2) **പോലീസ് കസ്റ്റഡിയിൽ എടുത്ത വാഹനങ്ങൾ**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ :  സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളുടെയും പോലീസ് സ്റ്റേഷനുകളുടെയും പരിസരങ്ങളിലും റോഡരികിലും  കേസ്സുകളിൽ അകപ്പെട്ട വാഹനങ്ങൾ വൻതോതിൽ കെട്ടിക്കിടക്കുന്നതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നതിന് പുറമെ സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള കാൽനട യാത്രക്കാർക്കും വാഹന യാത്രക്കാർക്കും  വളരെയധികം ബുദ്ധിമുട്ടുകളും  ഉണ്ടാക്കുകയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉപയോഗശൂന്യമായി കിടക്കുന്നതും സാമൂഹ്യവിരുദ്ധരുടെയും  ഇഴജന്തുക്കളുടെയും  താവളമായി മാറുകയും ചെയ്യുന്ന

ഈ വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് വിവിധ വകുപ്പുകളുമായി ആലോചിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിച്ചുവരുന്ന വിവിധതരം കുറ്റകൃത്യങ്ങളിൽപ്പെട്ടതും ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്നതുമായ വാഹനങ്ങൾ എത്രയും വേഗം ഡിസ്പോസ് ചെയ്യണമെന്ന് എല്ലാ വകുപ്പുകൾക്കും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിയോഗിച്ചിരുന്ന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി മാസംതോറും യോഗം ചേർന്ന് പുരോഗതി വിലയിരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലുകളായ വാഹനങ്ങളുടെ കാര്യത്തിൽ തീർപ്പുണ്ടാക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പോലീസ് ആസ്ഥാനത്തുനിന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 01-03-2009 മുതൽ 26-11-2010 വരെയുള്ള കാലയളവിൽ സംസ്ഥാന പോലീസ് പിടിച്ചെടുത്ത 44170 വാഹനങ്ങളിൽ 27841 വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിച്ചിരിക്കുന്ന മുഴുവൻ വാഹനങ്ങളും സമീപ ഭാവിയിൽതന്നെ ഡിസ്പോസ്

ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നും മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തണമെന്നും ഇന്നലെ ചേർന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സബ്മിഷൻ**

**(1) കാട്ടാന ശല്യം**

ശ്രീ. സണ്ണി ജോസഫ് : ആന, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം കാരണം വന്യമൃഗ സങ്കേതത്തോട് ചേർന്ന് മനുഷ്യവാസമുള്ള വനാതിർത്തിയിൽ കരിങ്കൽഭിത്തി കെട്ടി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കണം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളെ വന്യമൃഗശല്യത്തിൽ നിന്നും രക്ഷിക്കുന്നതിനായി എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ വൈദ്യുത കമ്പിവേലി, ആനപ്രതിരോധ മതില്, കിടങ്ങ് എന്നിവ നിർമ്മിക്കുന്നതിനും പതിവായി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ആനകളെ തിരികെ കാട്ടിലെത്തിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റയാളിന് 50,000 രൂപ ചികിത്സാ ധനസഹായം നൽകുകയും തുടർ

ചികിത്സയ്ക്കായി 75,000 രൂപ വനം വകുപ്പിൽനിന്നും ലഭ്യമാക്കുന്നതുമാണ്. നൂറ്റിയറുപത് കിലോമീറ്റർ ദൂരത്തിൽ വൈദ്യുതികമ്പി നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും നൂറ് ലക്ഷം രൂപയുടെ ജോലികൾ ഈ സാമ്പത്തികവർഷംതന്നെ ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങൾ വരുത്തിയ നാശനഷ്ടങ്ങൾക്ക് പരിഹാരമായി നാൽപ്പത് ലക്ഷം രൂപയിലേറെ വിതരണം ചെയ്തിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച് സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്.

## (2) ഹയർ സെക്കണ്ടറി സ്കൂൾ പഠനം

ശ്രീ. കെ.എന്. എ. ഖാദര്: ഹയർ സെക്കണ്ടറി സ്കൂൾ പഠനം ആഴ്ചയിൽ അഞ്ച് ദിവസമാക്കുന്നതിനും അദ്ധ്യാപകരുടെ ജൂനിയർ സീനിയർ അനുപാതം ഒഴിവാക്കാനും അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സ്കൂളുകളിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാനും പഠനഭാരം ലഘൂകരിക്കാനും പ്രവൃത്തിദിനം അഞ്ചായി പുന:ക്രമീകരിക്കേണ്ട ആവശ്യം ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഹയർ സെക്കണ്ടറി മേഖലയിലെ സ്കൂൾ പഠനം ആഴ്ചയിൽ അഞ്ച് ദിവസമാക്കി പുന:ക്രമീകരിക്കേണ്ടത് പ്രായോഗികവും

ശാസ്ത്രീയവുമാണോയെന്നത് സംബന്ധിച്ച് സർക്കാർ വിശദമായ ചർച്ചകൾക്കുശേഷം പരിഗണിക്കുന്നതാണ്. മറ്റ് കാര്യങ്ങളിൽ സർക്കാർ യഥാസമയം തീരുമാനമെടുക്കുന്നതാണ്.

## (3) **ആട്ടോമൊബൈൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം**

ശ്രീ. വി. എസ്. സുനിൽകുമാര്: ആട്ടോമൊബൈൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ ക്ഷേമപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്ഷേമപ്പെൻഷൻ അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോണ്): കേരള ആട്ടോമൊബൈൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ള തൊഴിലാളികളുടെ അംശദായത്തിന്റെ അപര്യാപ്തതമൂലം ആനുകൂല്യങ്ങൾ കൊടുക്കാൻ പറ്റാത്ത സാഹചര്യത്തിൽ തൊഴിലാളികളുടെയും തൊഴിലുടമകളുടെയും അംശദായം വർദ്ധിപ്പിക്കാൻ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മരണാനന്തര ധനസഹായവും ചികിത്സാ ധനസഹായവും വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. തൊഴിൽരംഗത്ത് കാലോചിതമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതുതായി സെസ്സ് ഏർപ്പെടുത്തുക അപ്രായോഗികമാണ്.

## (4) **കശുവണ്ടി ഫാക്ടറികളിലെ സ്ത്രീ തൊഴിലാളികളുടെ സുരക്ഷ**

ശ്രീമതി പി. അയിഷാപോറ്റി: സ്വകാര്യ ഉടമസ്ഥതയിലുള്ള കശുവണ്ടി ഫാക്ടറികളിൽ സ്ത്രീ തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യ സുരക്ഷിതത്വവും ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സ്വകാര്യ ഉടമസ്ഥതയിലുള്ള കശുവണ്ടി ഫാക്ടറികളിൽ സ്ത്രീ തൊഴിലാളികളുടെ ദുരിതപൂർണ്ണമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നൂറ്റിയെൺപത്തിനാല് ഫാക്ടറികളിൽ പരിശോധന നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ ഫാക്ടറികൾക്കെതിരെ നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. ട്രേഡ് യൂണിയനുകളുടെ സഹകരണത്തോടെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) ചെക്ക്പോസ്റ്റുകളിൽ കെട്ടിക്കിടക്കുന്ന മാട്ടുകളെ പരിശോധന നടത്തി കടത്തിവിടേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസഫ് വാഴക്കന്: കേരളത്തിലെ ചെക്ക് പോസ്റ്റുകളിൽ കെട്ടിക്കിടക്കുന്ന പോത്ത്, എരുമ തുടങ്ങിയ മാട്ടുകളെ മതിയായ പരിശോധനകളിലൂടെ കടത്തിവിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്) : സംസ്ഥാനത്ത് 2013 ആഗസ്റ്റ് മാസം മുതൽ എല്ലാ ജില്ലകളിലും കുളമ്പുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കുളമ്പുരോഗം ക്ഷീര

രംഗത്തെ പ്രതികൂലമായി ബാധിക്കുകയും കന്നുകാലി സമ്പത്ത് കുറയുന്നതിന് കാരണമാവുകയും ചെയ്തു. 53000 കന്നുകാലികൾക്ക് രോഗം ബാധിക്കുകയും പശുക്കിടാങ്ങള്, പോത്ത്, പന്നി, ആട് ഉൾപ്പെടെ നിരവധി കന്നുകാലികൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ഇറച്ചിക്കാളകളടക്കം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് നിരോധിച്ചതിലൂടെ കൂടുതൽ മൃഗങ്ങൾക്ക് രോഗം പടരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. രോഗമില്ലെന്ന് വെറ്ററിനറി ഡോക്ടർമാർ സർട്ടിഫൈ ചെയ്ത മൃഗങ്ങളെ അയൽ സംസ്ഥാനങ്ങളിൽ രോഗമില്ലാത്ത സ്ഥലങ്ങളിൽവച്ച് കശാപ്പചെയ്ത് ഇറച്ചിയായി കൊണ്ടുവന്ന് ക്രിസ്തുമസ് സീസണിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് അനുവാദം നൽകിയിരുന്നു. രോഗം പൂർണ്ണമായും നിയന്ത്രണ വിധേയമായശേഷം മാത്രമേ നിരോധനം പിൻവലിക്കൂ. കുളമ്പു രോഗത്തിന്റെ പ്രതിരോധ നടപടികളും നിലവിലെ സ്ഥിതിവിവര റിപ്പോർട്ടും ദിവസംതോറും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റുകളിൽ ശക്തമായ പരിശോധന നടത്തിയശേഷം നാളെ മുതൽ കേരളത്തിലേയ്ക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിനുള്ള ഇളവ് അനുവദിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

**(6) വളവന്നൂർ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ**

ശ്രീ. സി. മമ്മൂട്ടി : തിരൂർ വളവന്നൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുവേണ്ടി അനുവദിച്ച 40 സെന്റ് ഭൂമി കൈമാറുന്നതിനുള്ള നിയമ നടപടികൾ പൂർത്തിയാക്കി സ്ഥലം കൈമാറാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : മലപ്പുറം ജില്ലയിലെ തിരൂരിലെ വളവന്നൂരിൽ കെ.എസ്.ഇ.ബി.-ക്ക് ട്രാൻസ്മിഷൻ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി തിരൂർ താലൂക്ക് വളവന്നൂർ വില്ലേജിൽപ്പെട്ട 40 സെന്റ് ഭൂമി കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിന് സമ്മതമാണെന്ന് നികുതി വകുപ്പ് അറിയിച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി. സർക്കാരിന്റെ സേവന വകുപ്പല്ലാത്തതിനാൽ കെ.എല്.എ. റൂൾ പ്രകാരം പൂർണ്ണമായ ഔപചാരിക ഭൂമി കൈമാറൽ ശുപാർശ ലഭ്യമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ശുപാർശ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

### (7) മാടക്കാൽ തൂക്കുപാലം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്) : തൃക്കരിപ്പൂർ മണ്ഡലത്തിലെ മാടക്കാൽ തൂക്കുപാലം ഉദ്ഘാടനം കഴിഞ്ഞ് രണ്ടുമാസം തികയുന്നതിനുമുമ്പ് തകർന്നുവീണ സാഹചര്യത്തിൽ പ്രസ്തുത പാലം നിർമ്മാണത്തിലെ കെടുകാര്യസ്ഥത സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും അടിയന്തരമായി പാലം പുനർനിർമ്മിക്കാനും

തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : മാടക്കാൽ ദ്വീപിനെയും വടക്കേ വളപ്പ് എന്ന സ്ഥലത്തെയും ബന്ധപ്പെടുത്തി നിർമ്മിച്ച തൂക്കുപാലത്തിന്റെ ഉദ്ഘാടനം 2013 ഏപ്രിൽ മാസം 29-ന് നടത്തുകയും 27.06.2013-ന് പാലം തകരുകയുമുണ്ടായി. തിരുവനന്തപുരം എല്.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പാലത്തിന്റെ നിർമ്മാണം നടത്തിയ കെല്-ന്റെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി തുടർനടപടി കൈക്കൊണ്ടുവരുന്നു. പാലം പുനർനിർമ്മിക്കുന്ന കാര്യം ഇതിനുശേഷം പരിഗണിക്കുന്നതാണ്. മാടക്കാലിലെ യാത്രാ സൗകര്യത്തിനായി 25 മുതൽ 30 പേർക്കുവരെ സഞ്ചരിക്കാവുന്ന ബോട്ട് വാങ്ങി നൽകുന്നതിന് കെല്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (8) നിലത്തെഴുത്ത് ആശാന്മാരുടെ പെൻഷനും ഗ്രാന്റും

ശ്രീ. ജി. സുധാകരൻ : നിലത്തെഴുത്താശാൻമാർക്ക് കുടിശ്ശിക സഹിതം ഗ്രാന്റ് നൽകാൻ പഞ്ചായത്ത് ഭാരവാഹികൾക്ക് നിർദ്ദേശം നൽകാനും ഗ്രാന്റ് നൽകുന്നതിൽ അനാസ്ഥ കാണിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാനും കുടിപ്പള്ളിക്കൂടങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാനും സർക്കാർ

തയ്യാറാകണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീര്) : കുടിപ്പള്ളിക്കൂടങ്ങളിലെ നിലത്തെഴുത്താശാൻമാർക്ക് കൃത്യമായി ഗ്രാന്റ് നൽകുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്നുള്ള ഗ്രാന്റ് കൃത്യമായി ലഭിച്ചിട്ടും സർക്കാർ നിർദ്ദേശിക്കുന്ന ഗ്രാന്റ് നൽകാതിരിക്കുന്നത് വളരെ ഗൗരവമായി കാണുന്നതാണ്. നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകുന്നതിന് സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഫണ്ട് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(9) സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. പി. ഉബൈദുള്ള : താലൂക്ക് ആശുപത്രിയാക്കി ഉയർത്തിയ മലപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാനുള്ള ഫയലിൽ എത്രയുംവേഗം തീരുമാനമുണ്ടാക്കി ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മലപ്പുറം ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ

ശരാശരി ഒരു ദിവസം 500 മുതൽ 1000 ഒ.പി.യും 100 മുതൽ 130 വരെ ഐ.പി.യും ഉണ്ടാകാറുണ്ട്. നിലവിലുള്ള ഡോക്ടർമാർക്ക് പുറമെ എൻ.ആർ.എച്ച്.എം. മുഖേനയും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡി.എച്ച്.എസ്.ന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റികൾ ആരംഭിക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം അടുത്ത സാമ്പത്തിക വർഷം ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (10) <u>മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം</u>

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: കൊല്ലം വാടി കടപ്പുറത്തുണ്ടായ തീപിടുത്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ കത്തി നശിച്ച് ഭീമമായ നഷ്ടം സംഭവിച്ചവർക്കും അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിനും സാമ്പത്തിക സഹായം നൽകാനാവശ്യമായ നടപടിയുണ്ടാകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കൊല്ലം മത്സ്യഭവന് കീഴിൽ വരുന്ന വാടി മത്സ്യഗ്രാമ പരിധിയിൽ തീപിടുത്തമുണ്ടായതിനെത്തുടർന്ന് വലിയ തോതിലുള്ള നാശനഷ്ടമുണ്ടാകുകയും ഒരാൾ മരണപ്പെടുകയും മറ്റൊരാൾക്ക് പൊള്ളലേൽക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധനത്തിനിടയിൽ അപകടമുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകാനാണ് നിലവിലെ നിയമത്തിൽ വ്യവസ്ഥയുള്ളത്. തീപിടുത്തം പ്രകൃതി ദുരന്തത്തിലുൾപ്പെടുത്താൻ വ്യവസ്ഥയില്ല. ഫിഷറീസ് വകുപ്പിന്റെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് മരണപ്പെട്ട ആളുടെ കുടുംബത്തിന് സഹായം നൽകാൻ ശ്രമിക്കുന്നതാണ്. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് നാശനഷ്ടങ്ങൾക്കും സഹായം നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(11) മത്സ്യത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ

ശ്രീ. റ്റി.എൻ. പ്രതാപൻ: കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാനും ഇൻഷ്വറൻസ് പരിരക്ഷ വർദ്ധിപ്പിക്കാനുമുള്ള സത്വര

നടപടിയുണ്ടാകണം. മത്സ്യബന്ധന തൊഴിലാളികൾക്കുവേണ്ടിയുള്ള നിയമം നടപ്പിലാക്കുന്നതിന് കോടതികൾ വിലങ്ങുതടിയായി നിൽക്കുന്ന കാര്യവും കയറ്റുമതിക്കാരുടേയും കച്ചവടക്കാരുടേയും കയ്യിൽനിന്നുള്ള വിഹിതം ലഭിക്കാത്തതും സെസ്സ് ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കേസിന്റെ വാദം പൂർത്തിയായിട്ടും അന്തിമ വിധി വരാത്തതുമായ കാര്യങ്ങൾകൂടി സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> സെസ്സ് ആക്ട് പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട തുക അഞ്ച് വർഷക്കാലമായി വ്യവഹാരങ്ങളിൽപ്പെട്ട് കുടിശ്ശികയിലാണ്. ഇത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ ബന്ധപ്പെട്ട ആക്ടിന്റെ നിയമ സാധുതയെ ചോദ്യം ചെയ്ത് മത്സ്യ കയറ്റുമതിക്കാരുടെ വിവിധ സംഘടനകൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. നിയമത്തിനെതിരെ ഐസ് പ്ലാന്റ് ഉടമകൾ കോടതിയെ സമീപിക്കുകയും കേസിന്റെ അഡ്മിഷൻ ഘട്ടത്തിൽത്തന്നെ സർക്കാർ ഭാഗത്തിന്റെ വാദം കേൾക്കാതെ പരാതിക്കാർ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. മത്സ്യക്കയറ്റുമതിക്കാർ ഫയൽ ചെയ്ത ചില കേസുകളിൽ ഡിമാന്റിന്റെ 25 ശതമാനം തുക അടയ്ക്കണമെന്ന

വ്യവസ്ഥയിൽ സ്റ്റേ ഉത്തരവുകൾ നൽകപ്പെട്ടിട്ടുണ്ട്. ഇപ്രകാരം തുക അടയ്ക്കാതിരുന്നവരിൽനിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. ബോട്ടുടമകളുമായും മറ്റും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുത്തതിലൂടെയും അന്യ സംസ്ഥാന മത്സ്യബന്ധന യാനങ്ങളിൽ യൂസർ ഫീ ചുമത്തിയതിലൂടെയും വരുമാനമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി എറണാകുളം ജില്ലയിൽ എല്ലാ യാനങ്ങൾക്കും ഇൻഷ്വറൻസ് കവറേജ് എന്ന ക്യാമ്പയിന് അനുമതി നൽകുകയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അപകട-മരണ ഇൻഷ്വറൻസ് നൽകുന്നതിനുവേണ്ടി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ആം ആദ്മി യോജന പദ്ധതി പ്രകാരം എല്ലാ സാധാരണ മരണങ്ങൾക്കും ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വിവാഹ ധനസഹായം, വാർദ്ധക്യകാല, വിധവാ പെൻഷനുകൾ എന്നിവ വർദ്ധിപ്പിക്കുകയും ഡിസംബർ വരെയുള്ള പെൻഷൻ വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചും വരികയുമാണ്. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതപ്പെടുത്തുകയും വരുമാന

വർദ്ധനവിനനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ പരമാവധി വർദ്ധന വരുത്തുന്നതുമാണ്. കോടതികൾ കേസുകൾ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്ന സ്ഥിതി നിർഭാഗ്യകരമാണ്.

## (12) **ഹോളോഗ്രാം സ്റ്റിക്കറുകളുടെ നിർമ്മാണ വിതരണം**

ഡോ. എൻ. ജയരാജ്: മദ്യക്കുപ്പികളിൽ പതിപ്പിക്കുന്ന ഹോളോഗ്രാം സ്റ്റിക്കറിന്റെ നിർമ്മാണം പൂർണ്ണമായും എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്താനും 25 സെക്യൂരിറ്റി ഫീച്ചേഴ്സ് വേണമെന്ന നിർദ്ദേശം നടപ്പിലാക്കാനും നടപടിയുണ്ടാകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2001-ലെ സർക്കാർ ഉത്തരവ് പ്രകാരം ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം നടത്തുന്നതിനായി കെ.എസ്.ബി.സി. സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ മുൻപരിചയമില്ലാത്ത ഒരു സ്വകാര്യ കമ്പനിയുമായി സി-ഡിറ്റ് കരാറിൽ ഏർപ്പെടുകയും ടെണ്ടർ വിളിക്കാതെ കൂടിയ തുകയ്ക്ക് ലേബൽ നിർമ്മാണക്കരാർ നീട്ടിക്കൊടുക്കുകയും ചെയ്തതിലൂടെ സർക്കാരിന് പ്രതിമാസം അരക്കോടിയോളം രൂപ നഷ്ടം

വന്നുകൊണ്ടിരിക്കുന്നതായി സി-ഡിറ്റിലെ ഒരു വിഭാഗം ഉദ്യോഗസ്ഥർ പരാതി നൽകുകയുണ്ടായി. ഇതുസംബന്ധിച്ച് എക്സൈസ് വിജിലൻസ് ആഫീസർ നടത്തിയ അന്വേഷണത്തിൽ സി-ഡിറ്റും കെ.എസ്.ബി.സി.യും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തി. സി.ആന്റ് എ.ജി.യും ഈ സംവിധാനത്തിലെ പാകപ്പിഴവുകൾ ചൂണ്ടിക്കാണിക്കുകയും എക്സൈസ് വകുപ്പ് പ്രസ്തുത ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഹോളോഗ്രാഫിക് ലേബലുകളുടെ നിർമ്മാണവും വിതരണവും ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും എക്സൈസ് വകുപ്പിന്റെ ശക്തമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ലേബൽ സൂക്ഷ്മമായി നിരീക്ഷിക്കുകയും വളരെയധികം സെക്യൂരിറ്റി ഫീച്ചേഴ്സ് ഏർപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമായതിനാൽ 25 ഫീച്ചേഴ്സോടുകൂടിയ ഹൈ സെക്യൂരിറ്റി ലേബൽ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(13) **മട്ടന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

ശ്രീ ഇ.പി. ജയരാജന്: മട്ടന്നൂർ നിയോജകമണ്ഡലത്തിലെ

തുക്കടാരിപ്പൊയില്-ഇടുമ്പ-കണ്ണവം റോഡിന്റേയും എടയാര്-ആലച്ചേരി റോഡിന്റേയും പ്രവൃത്തി കാലതാമസം ഒഴിവാക്കി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും പൊതുമരാമത്തു വകുപ്പിന്റെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി കരാർ ഏറ്റെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്): മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തുക്കടാരിപ്പൊയില്-ഇടുമ്പ-കണ്ണവം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 14-7-09-ൽ ഭരണാനുമതി നൽകി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ അത് പൂർത്തീകരിക്കാത്തതിനാൽ അയാളെ ഒഴിവാക്കുകയും ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള തുകയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരികയുമാണ്. എടയാര്-ആലച്ചേരി എന്നീ റോഡുകളുടെ പുനരുദ്ധാരണത്തിനായി 23-12-10-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയെങ്കിലും കരാറുകാരൻ പ്രവൃത്തികൾ ഒന്നും നടത്താത്തതിനാൽ അയാളെ ഒഴിവാക്കുകയും പ്രസ്തുത പ്രവൃത്തിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരികയുമാണ്. രണ്ട് എസ്റ്റിമേറ്റുകളും സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകി അവ ഏറ്റെടുത്ത് നടത്തുന്നതാണ്.

(14) <u>പട്ടിത്താനം -കുറവിലങ്ങാട്- - മൂവാറ്റുപുഴ റീച്ചിന്റെ നിർമ്മാണം</u>

<u>ശ്രീ. മോൻസ് ജോസഫ്:</u> കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പട്ടിത്താനം-കുറവിലങ്ങാട്-മൂവാറ്റുപുഴ റീച്ചിന്റെ പണി എത്രയും വേഗം ആരംഭിക്കുന്നതിനും ചെങ്ങന്നൂര്-തിരുവല്ല-ചങ്ങനാശ്ശേരി-കോട്ടയം-ഏറ്റുമാനൂര് റോഡിന്റെ പണി പൂർത്തീകരിച്ച് തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള റോഡ് വികസിപ്പിക്കുന്നതിനും എം.സി. റോഡിന്റെ പ്രവൃത്തികൾക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.ടി. പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരേയും ഏറ്റുമാനൂർ മുതൽ മൂവാറ്റുപുഴവരേയുമുള്ള റോഡ് വികസിപ്പിക്കുന്നതിന് രണ്ട് റീച്ചുകളായി തിരിച്ച് കരാർ നൽകുകയുണ്ടായി. ഏറ്റുമാനൂര്-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങുന്നതാണ്. ഇതിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എം.സി റോഡിന്റെ ഭാഗമായ കുറവിലങ്ങാട്-കുത്താട്ടുകുളം-മൂവാറ്റുപുഴ റീച്ചും ഉൾപ്പെടുന്നു. ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകുകയുണ്ടായി. നിർമ്മാണ പ്രവൃത്തി ജനുവരി മാസം തുടങ്ങുന്നതാണ്.

രണ്ട് പ്രവൃത്തികളും 2016 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(15) <u>നെടമ്പ്രക്കാട്-വിളക്കമരം പാലത്തിന്റെ നിർമ്മാണം</u>

<u>ശ്രീ പി. തിലോത്തമന്:</u> ചേർത്തല അരൂർ നഗരത്തിന്റെ കിഴക്കൻ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തുന്ന നെടമ്പ്രക്കാട്-വിളക്കമരം പാലത്തിന് ആവശ്യമായ ഫണ്ട് നീക്കിവച്ച് നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)</u> : ചേർത്തല നെടമ്പ്രക്കാട്-വിളക്കമരം പാലത്തിന്റെ നിർമ്മാണത്തിന് നബാർഡ് സഹായത്തോടുകൂടി 2004-ൽ ഭരണാനുമതി നൽകി പാലം പണി തുടങ്ങിയെങ്കിലും സാങ്കേതികമായ ചില കാരണങ്ങളാൽ കോൺട്രാക്ടർ പണി നിർത്തിവയ്ക്കുകയുണ്ടായി. പാലത്തിന്റെ പണി പുനരാരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു യോഗം പൊതുമരാമത്ത് വകുപ്പുമന്ത്രി 26-3-13-ൽ വിളിച്ചു ചേർത്തു. 2012-ലെ പുതുക്കിയ നിരക്കിൽ പാലം പണിയുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ് ധനകാര്യവകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും സ്ഥലം സന്ദർശിക്കുകയും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് അനന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

## (16) ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം

ശ്രീ ബി. സത്യന്: റീ-നോട്ടിഫിക്കേഷൻ നടത്തി ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ആറ്റിങ്ങൽ ബൈപ്പാസിനുവേണ്ട സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും 3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തെങ്കിലും മണമ്പൂർ വില്ലേജിൽ ഒഴികെ മറ്റു സ്ഥലങ്ങളിൽ 3 ഡി സർവ്വേ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആരാധനാലയങ്ങളെ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കാനും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയശേഷം ബൈപ്പാസ് നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്ടായി പരിഗണിക്കുന്നതിന് ആവശ്യമായ ശുപാർശ സമർപ്പിക്കാനും ദേശീയ പാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അലൈൻമെന്റിൽ മാറ്റം വരുത്താൻ സാധിക്കില്ലായെന്ന് ദേശീയപാത അതോറിറ്റിയുടെ ഡി.പി.ആർ കൺസൽട്ടന്റ് അറിയിച്ചിട്ടുണ്ട്. ദേശീയപാത അതോറിറ്റിയിൽ നിന്നും മറുപടി ലഭിച്ച ശേഷം റീ-നോട്ടിഫിക്കേഷൻ പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലം ഏറ്റെടുത്ത് കിട്ടിയാൽ സ്റ്റാന്റ്എലോൺ പ്രോജക്ടായി സർക്കാർ

ഏറ്റെടുക്കുന്നതാണ്.

**മേശപ്പുറത്തുവച്ച  കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന  പ്രമേയത്തെക്കുറിച്ചുള്ള

ചർച്ച (തുടർച്ച)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുകയും സീറോ ലാന്റ്ലെസ് പദ്ധതിയിലൂടെ കേരളത്തിലെ ഭൂരഹിതർക്ക് ഭൂമി നൽകുകയും ചെയ്ത ഗവൺമെന്റാണിത്. ജനങ്ങൾക്ക് നീതി ലഭ്യമാക്കാൻവേണ്ടിയാണ് മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തിയത്. കൃഷി, ക്ഷീര വികസനം, മൃഗസംരക്ഷണം, ഐ.റ്റി. തുടങ്ങിയ മേഖലകളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. 23023 ഹെക്ടർ ഭൂമി കൃഷിഭൂമിയാക്കി മാറ്റാൻ നബാർഡിന്റെ സഹായത്തോടെ പദ്ധതി ആവിഷ്കരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങള്, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ ആവിഷ്കരിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര പാർപ്പിട പദ്ധതി നടപ്പിലാക്കുകയും ചെയ്യുകയാണ്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുക

മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായി നൽകാനും മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുക്കാനും സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. എ. ബേബി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും ഭീഷണി മുഴക്കിക്കൊണ്ട് വളർന്നുവരുന്ന തീവ്രവർഗ്ഗീയതയെപ്പറ്റി നയപ്രഖ്യപന പ്രസംഗത്തിൽ ഒന്നും പറയുന്നില്ല. അതിനെ തടയേണ്ടത് പൊതുവായ ഒരു കാര്യമാണ്. ആറൻമുള വിമാനത്താവള പദ്ധതി ജനങ്ങളുടെയും ജനപ്രതിനിധികളുടെയും എതിർപ്പുകൾ അവഗണിച്ച് മുന്നോട്ടുകൊണ്ടുപോകുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. സ്വകാര്യവത്കരണമെന്നതാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നയം. കുടിവെള്ള മേഖലയിലും വൈദ്യുതി മേഖലയിലും സ്വകാര്യവത്കരണം നടപ്പാക്കാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷം ചെറുത്തതുമൂലം സാധിച്ചില്ല.

<u>ശ്രീ. സി. മോയിൻകുട്ടി</u>: നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും സ്വാഗതം ചെയ്യുന്നു. പട്ടിണിപ്പാവങ്ങളുടെ താത്പര്യങ്ങളെ സംരക്ഷിക്കുന്ന ഒരു നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കാരുണ്യ ബെനവലന്റ് സ്കീമിലൂടെ ഇരുപത്തയ്യായിരത്തോളം ആളുകൾക്ക് 250 കോടി രൂപയുടെ

സഹായമെത്തിക്കാനും കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴി ന്യായവിലയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിനും സാധിച്ചു. എം.എൽ.എ. മാർക്ക് അസറ്റ് ഡവലപ്മെന്റ് ഫണ്ടിനത്തിൽ 5 കോടി രൂപ വീതം അനുവദിച്ചു. കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നത് മലയോര കുടിയേറ്റ കർഷകരേയും അവരുടെ ജീവിതത്തേയും ബാധിക്കാത്ത തരത്തിലായിരിക്കണം. കർഷകരുടെ താല്പര്യങ്ങൾക്കെതിരായ നിയമനിർമ്മാണങ്ങൾ പുന:പരിശോധിക്കണം. വനപ്രദേശങ്ങളിൽ കാട്ടുമൃഗങ്ങൾ കർഷകരെ ആക്രമിക്കുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കണ്ടെത്തുന്നതോടൊപ്പം കൃശിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരവും കൊടുക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് കോടിക്കണക്കിന് രൂപ ലാഭവിഹിതം കണ്ടെത്താൻ സാധിച്ചത് അഭിനന്ദനാർഹമാണ്. നാളികേര മേഖലയെ രക്ഷിക്കാൻ കഴിഞ്ഞതും തൊണ്ട് സംഭരണ മേഖലയിൽ പുതിയ വ്യവസായം കൊണ്ടുവരുന്നതും സ്വാഗതാർഹമാണ്. മലബാറിൽ മൃഗഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിൽ മായം ചേർക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിന് ഒരു മൊബൈൽ യൂണിറ്റ് ഏർപ്പെടുത്തിക്കൊണ്ട് സ്ക്വാഡിന്റെ ചെക്കിംഗ് ഉറപ്പുവരുത്തണം. പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം അഭിനന്ദനമർഹിക്കുന്നു. ഭരണകൂടത്തിന്

ആത്മവിശ്വാസം പകരാനും മതിയായ ഫണ്ട് നൽകാനും പഞ്ചായത്ത് വകുപ്പിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കാഴ്ചയും കേൾവിയും നഷ്ടപ്പെട്ട പാർശ്വവൽക്കരിക്കപ്പെട്ടവരെ കൈപിടിച്ചുയർത്തുന്ന നിരവധി പരിപാടികൾ ആവിഷ്കരിച്ചതും കുടുംബശ്രീയെ കേരളത്തിന്റെ അഭിമാനമായി ഉയർത്തിക്കൊണ്ടുവരാനും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും കഴിഞ്ഞതും അഭിനന്ദനാർഹമാണ്. ഭൂരഹിതരുടെയും ഭവനരഹിതരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞതും കണ്ണൂരിനെ സീറോ ലാന്റായി പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. എസ്.സി./എസ്.ടി. കോളനികൾക്ക് സാമ്പത്തിക സഹായം നൽകിയ ഗവൺമെന്റ് ഈ കോളനികളിലെ മദ്യാസക്തി ഇല്ലാതാക്കുന്നതിനുവേണ്ട നടപടികൾകൂടി സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയെ പുരോഗതിയിലേക്ക് ഉയർത്തുന്നതിനുള്ള ഈ ഗവൺമെന്റിന്റെ ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു. മലയാള ഭാഷയ്ക്ക് വേണ്ടി സർവ്വകലാശാല ആരംഭിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരന്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. പഴയ നയപ്രഖ്യാപനങ്ങളുടെ തനിയാവർത്തനമാണ് ഇപ്പോഴും ഉണ്ടായത്. പുതിയ ധനാഗമന മാർഗ്ഗങ്ങളെപ്പറ്റി നയപ്രഖ്യാപനത്തിൽ പറയുന്നില്ല. പൊതുവിതരണരംഗം താറുമാറാകുകയും വിലക്കയറ്റം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിരിക്കുകയാണ്. മാവേലിസ്റ്റോറുകളുടെ സ്ഥിതി

ദയനീയമാണ്. പൊതുമാർക്കറ്റിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. 'ഭൂരഹിതരില്ലാത്ത കേരളം' എന്ന പ്രഖ്യാപനം നടപ്പിലാക്കാൻവേണ്ടി ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ മിച്ചഭൂമി വിതരണം ചെയ്യാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ച പദ്ധതിക്കുവേണ്ടി കേവലം 25 കോടി രൂപ മാത്രമാണ് സർക്കാർ നീക്കിവച്ചിരിക്കുന്നത്. സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുകവഴി വിദ്യാഭ്യാസ കച്ചവടക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്താനാവശ്യമായ സംവിധാനമൊരുക്കുമെന്ന് 'ഗോത്രസാരഥി പദ്ധതിയില്' പറഞ്ഞിരുന്നുവെങ്കിലും അതിനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഏകാദ്ധ്യാപക സ്കൂളുകളിലെ ഇൻസ്ട്രക്ടർമാരുടെ വേതനം വർദ്ധിപ്പിക്കണം. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നറുക്കെടുപ്പിലൂടെ ലഭിച്ച 298 പവൻ സ്വർണ്ണം ഉപഭോക്താക്കൾക്ക് നൽകാതെ വ്യവസായികൾ കബളിപ്പിക്കുന്നതിനെക്കുറിച്ച്

സർക്കാർ അന്വേഷിക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ലോകോത്തര നിലവാരത്തിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങളുമായാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. കൊച്ചി മെട്രോ, മോണോ റെയില്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, സ്മാർട്ട്സിറ്റി തുടങ്ങി നിരവധി വികസന പ്രവർത്തങ്ങൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിലുള്ള ജനവിരുദ്ധ കാര്യങ്ങൾ നീക്കി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കണമെന്നുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുമായി സംഘടിപ്പിക്കുന്ന ജനസമ്പർക്ക പരിപാടി വലിയ വിജയമായി മാറിയിരിക്കുകയാണ്. പാവപ്പെട്ട രോഗികളുടെ ചികിത്സാധന സമാഹരണത്തിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കാരുണ്യ ലോട്ടറിയും പാവപ്പെട്ട കുടുംബങ്ങളിലെ യുവതികളുടെ വിവാഹ ധനസഹായത്തിനായുള്ള മംഗല്യ ലോട്ടറിയും ലോകത്തിനുതന്നെ മാതൃകയാണ്. പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

ലഭ്യമാക്കുന്ന ആരോഗ്യ കിരണം പദ്ധതി, ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുക, പുതുതായി എട്ട് മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള തീരുമാനം എന്നിവ സ്വാഗതാർഹമാണ്. മാതൃ-ശിശു മരണ നിരക്കുകൾ സംസ്ഥാനത്ത് കുറയുന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഇത്തരത്തിൽ നാടിനെ പുരോഗതിയിലേക്കും വികസനത്തിലേക്കും നയിക്കുന്ന ഒരു സർക്കാരിനെതിരെ നടത്തുന്ന സമരങ്ങൾ വിലപ്പോവുന്നതല്ല. പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള സമര മാർഗ്ഗങ്ങളുമായി മുന്നോട്ടുപോകുന്ന പ്രതിപക്ഷത്തിന്റെ സമീപനം ശരിയല്ല. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന പ്രവർത്തനങ്ങളിൽനിന്നും പിന്മാറാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. എ. കെ. ശശീന്ദ്രന്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊതു ജനങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാതെയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. വിലക്കയറ്റം, ഊർജ്ജപ്രതിസന്ധി എന്നിവ പരിഹരിക്കുന്നതിന് സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് വസ്തുതാപരമാണ്. സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്രത്തിനെ ബോദ്ധ്യപ്പെടുത്തി പരിഹാരം കാണുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. അഴിമതി നിർമ്മാർജ്ജനത്തിനായി യാതൊന്നും നയപ്രഖ്യാപനത്തിൽ

പരാമർശിച്ചിട്ടില്ല. കേരളത്തിലെ ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജനകീയ പ്രശ്നമായി മാറിയ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ വസ്തുനിഷ്ഠമായ ചർച്ച നടത്തുന്നതിൽനിന്നും സർക്കാർ ഒളിച്ചോടുകയാണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കാണാതെ ജനസമ്പർക്ക പരിപാടി നടത്തി സർക്കാരിന്റെ ജനദ്രോഹ നടപടികൾ മൂടിവയ്ക്കാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രതിപക്ഷ സമരങ്ങളെ അപഹസിക്കുന്നത് ജനാധിപത്യത്തിന് യോജിച്ചതാണോയെന്ന് ആലോചിക്കണം. കഷ്ടതയനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാനെന്ന പേരിൽ ജനസമ്പർക്ക പരിപാടിയെ ഒരു ആഘോഷ പരിപാടിയാക്കി മാറ്റുന്നത് മനുഷ്യാവകാശ ലംഘനമാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി പെൻഷൻകാർക്കും സർക്കാർ ജീവനക്കാർക്കും ക്രിസ്തുമസിന് മുന്നോടിയായി ശമ്പളം നൽകാത്ത സർക്കാരാണിത്. പണി ചെയ്താൽ പണം ലഭിക്കാത്തതിനാൽ കോൺട്രാക്ടർമാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. റബ്ബറിന്റെ വിലയിടിവിലും ഉല്പാദനക്കുറവിലും 6000 കോടി രൂപ കഴിഞ്ഞ ഒരു വർഷംകൊണ്ട് സംസ്ഥാനത്തിന് നഷ്ടമായെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് 2003 മുതൽ 2014 വരെയുള്ള എല്ലാ

നടപടിക്രമങ്ങളും ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കാൻ സർക്കാർ തയ്യാറാകണം. ജനാധിപത്യത്തെ ഉൾക്കൊള്ളുന്ന സമീപനം സർക്കാർ കൈക്കൊള്ളണം.

ശ്രീ. ജോസഫ് വാഴക്കൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന കാര്യത്തിൽ ആത്മവിശ്വാസം കൈവരിക്കാതെ നിൽക്കുന്ന ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഗവർണ്ണർ അവതരിപ്പിച്ചിരിക്കുന്നത്. കൊച്ചി മെട്രോ, എൽ.എൻ.ജി. ടെർമിനൽ തുടങ്ങിയ സ്വപ്ന പദ്ധതികളും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, മോണോ റെയിൽ, സ്മാർട്ട് സിറ്റി എന്നീ പദ്ധതികളും സാക്ഷാത്ക്കരിക്കപ്പെടാൻ പോകുകയാണ്. ഭാവനാ സമ്പന്നമായ കാരുണ്യ ലോട്ടറി നടപ്പിലാക്കിയതിലൂടെ ഗവൺമെന്റിന്റെ യശസ്സ് ഇരട്ടിയായിരിക്കുകയാണ്. റോഡ് വികസനം, ആരോഗ്യ കിരണം, എസ്.സി./എസ്.ടി. മേഖലയിലെ സ്വയം പര്യാപ്ത ഗ്രാമ പദ്ധതി, പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള ഗ്രീൻ ഹൗസ് പദ്ധതി തുടങ്ങി സമസ്ത മേഖലകളിലും ഉണർവ്വിന്റെ കാലഘട്ടമാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വളരെയേറെ ജനശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരുന്ന ഇടതുപക്ഷം മലയോര കർഷകരെ കബളിപ്പിക്കുന്ന സമീപനമാണ് ഇപ്പോൾ സ്വീകരിക്കുന്നത്. മലയോര കർഷകരെ സഹായിക്കാൻ യു.ഡി.എഫ്.

ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ ഓരോ ഭൂപ്രദേശത്തെക്കുറിച്ചും മുഖ്യമന്ത്രിക്ക് മറ്റാരേക്കാളും അറിവുണ്ട്. ആറൻമുള വിമാനത്താവള നിർമ്മാണത്തിനുവേണ്ടി ഭൂമി നികത്തുകയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തവരാണ് ഇപ്പോൾ അതിനെതിരായി സമരം നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീമതി കെ.കെ. ലതിക</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സ്ത്രീകളുടെ ഉന്നമനത്തിനായുള്ള യാതൊരു പദ്ധതിയും നയപ്രഖ്യാപന പ്രസംഗത്തിലില്ല. പൊതുസ്ഥലങ്ങളിലും കുടുംബങ്ങളിലും സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർദ്ധിച്ചുവരുന്നു. സ്ത്രീകൾക്ക് സുരക്ഷിതമായി ജീവിക്കാനുള്ള അവസ്ഥയുണ്ടാക്കാനും അവരുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കാനുമുതകുന്ന തരത്തിലുള്ള നയം രൂപീകരിക്കാനും സർക്കാരിന് സാധിക്കണം. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയസമീപനങ്ങൾ സംസ്ഥാനത്തും തുടരുന്നതിനാൽ അവശ്യസാധനങ്ങളുടെ വില വൻതോതിൽ വർദ്ധിക്കുന്നു. ത്രിവേണി-നന്മ സ്റ്റോറുകളിൽനിന്നും സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കുന്നില്ല. കാർഷിക ഉൽപന്നങ്ങൾക്ക് ന്യായവില ലഭ്യമാകുന്നില്ല. സർക്കാർ തട്ടിപ്പുകാർക്കും വെട്ടിപ്പുകാർക്കും കൂട്ടുനിൽക്കുകയാണ്. കരാറുകാർക്ക് 1000 കോടിരൂപയ്ക്കുമേൽ കുടിശ്ശിക നൽകാനുണ്ട്. സംസ്ഥാനത്തെ ബാധിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും നയപ്രഖ്യാപന

പ്രസംഗത്തിലില്ല. പശ്ചിമഘട്ട മേഖലയിലെ ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം അവിടത്തെ ജനങ്ങളുടെ ന്യായമായ താല്പര്യങ്ങളും നിയമാനുസൃത അവകാശങ്ങളും സംരക്ഷിക്കപ്പെടണം. വിചാരണ തടവുകാരനായ വ്യക്തിയെ കാണാൻ പോയത് സംബന്ധിച്ച വിമർശനങ്ങൾ അടിസ്ഥാനരഹിതമാണ്. അതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സഭയെ അറിയിക്കണം. രാഷ്ട്രീയ എതിരാളികളെ ഇല്ലായ്മ ചെയ്യാൻ പോലീസിനെ ഉപയോഗിക്കുന്നതിനു പകരം നാടിന്റെ ആഭ്യന്തര പ്രശ്നങ്ങൾക്ക് ഭംഗംവരാതിരിക്കാനായി പോലീസിന്റെ സേവനം ഉപയോഗപ്പെടുത്തണം. ജനവിരുദ്ധവും സ്ത്രീ വിരുദ്ധവു മായ സർക്കാരിന്റെ നയങ്ങളെ എതിർക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പില്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്തെ മെച്ചപ്പെട്ട സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. യുവാക്കളെ പ്രോത്സാഹിപ്പിക്കുന്ന നിലയിലുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്റ്റാർട്ട്-അപ് വില്ലേജുകൾ ആരംഭിച്ച് എല്ലാ യുവാക്കളേയും വ്യവസായ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കി മാറ്റാൻ ഗവൺമെന്റ് എടുക്കുന്ന സമീപനം ഏറെ ഗുണകരമാണ്. ജനസമ്പർക്ക പരിപാടിയിലൂടെ നിരവധി പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു. പുതുതായി 22 കോളേജുകളും എട്ട് മെഡിക്കൽകോളേജുകളും 12 താലൂക്കുകളും രൂപീകരിക്കാൻ തീരുമാനമെടുത്തു. പുതിയ മെഡിക്കൽകോളേജുകൾ ആരംഭിക്കുന്നതോടുകൂടി പട്ടികജാതിക്കാരായ

പാവപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി കൂടുതൽ മെഡിക്കൽ സീറ്റുകൾ നൽകാൻ കഴിയും. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുകയും കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുകയും ചെയ്തു. ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖ പദ്ധതി തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. ഭൂരഹിതരായ ഒരു ലക്ഷം ആളുകൾക്ക് ഭൂമി നൽകാൻ ഗവൺമെന്റ് തയ്യാറായി.

<u>ശ്രീ. ടി.വി. രാജേഷ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ വർഷത്തെ നയപ്രഖ്യാപനം കഴിഞ്ഞ വർഷങ്ങളിലെ പ്രഖ്യാപനങ്ങളുടെ തനിയാവർത്തനമാണ്. രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്ന കേരളത്തിൽ തൊഴിൽ സൃഷ്ടിക്കാനുതകുന്ന നിർദ്ദേശങ്ങളോ ക്രിയാത്മകമായ പദ്ധതികളോ പ്രഖ്യാപിച്ചിട്ടില്ല. സ്വയംസംരംഭക മിഷൻ വഴി ഒരുവർഷം ഒരുലക്ഷം പേർക്ക് തൊഴിൽ എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ സ്വയം സംരംഭക മിഷനിലൂടെ വെറും 460 പേർക്കാണ് തൊഴിൽ കൊടുക്കാൻ സാധിച്ചത്. പുതുതായി നിയമനം ലഭിച്ചതായി പറയപ്പെടുന്ന 82000 പേരുടെയും വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തയ്യാറാകണം. 165-ഓളം റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിച്ചിരിക്കുന്നു. നിയമന നിരോധനം മൂലം ഒരാളെപ്പോലും നിയമിക്കാനോ

പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാനോ സാധിച്ചിട്ടില്ല. മാനദണ്ഡങ്ങൾ ലംഘിച്ച് യോഗ്യതയില്ലാത്തവരെ വിവിധ വകുപ്പുകളിൽ തിരികി കയറ്റുകയാണ് ചെയ്യുന്നത്. ഓപ്പൺ സ്കൂളിൽ പതിമൂന്ന് വർഷമായി ജോലി ചെയ്തിരുന്നവരെ ഹൈക്കോടതിയുടെ നിർദ്ദേശം അവഗണിച്ച് പിരിച്ചുവിട്ടു. റിട്ടയർ ചെയ്തവരെ കേരള സർവ്വകലാശാലയിൽ കനത്ത ശമ്പളത്തിൽ വീണ്ടും നിയമിക്കുകയാണ്. ദേവസ്വം ബോർഡ് നിയമനം പി.എസ്.സി.ക്ക് വിട്ട നടപടി അട്ടിമറിച്ച് പിൻവാതിൽ നിയമനം നടത്തുകയാണ്. കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പെർട്സ് ഡവലപ്മെന്റ് എന്ന സംരംഭം യുവജനങ്ങളുടെ തൊഴിൽ സ്വപ്നം തകർക്കുന്ന നടപടിയാണ്. സ്മാർട്ട്സിറ്റിയും വിഴിഞ്ഞം തുറമുഖവും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിന് പ്രഖ്യാപിച്ച കോച്ച് ഫാക്ടറിയും ഐ.ഐ.ടി. യും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ഒരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല. നിതാഖത് നിയമംമൂലം നാട്ടിലേയ്ക്ക് വരേണ്ടിവന്നവരെ സൗജന്യമായി നാട്ടിലെത്തിക്കുമെന്ന പ്രഖ്യാപനവും പാഴ്വാക്കായി. വിദ്യാഭ്യാസ മേഖലയിൽ കോളേജുകൾക്ക് സ്വയംഭരണ പദവി കൊടുത്ത് ആ മേഖലയെ സ്വകാര്യ മാനേജ്മെന്റുകൾക്ക് അടിയറവയ്ക്കുന്ന സമീപനം പ്രതിഷേധാർഹമാണ്.

<u>ശ്രീ. എന്. ഷംസുദ്ദീന്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആഭ്യന്തര

ഉൽപ്പാദനത്തിൽ ചരിത്രത്തിലാദ്യമായി പത്ത് ശതമാനത്തിന്റെ വളർച്ചയാണ് കേരളം നേടിയിട്ടുള്ളത്. വിദ്യാഭ്യാസം, സൂക്ഷ്മ സമ്പദ് വ്യവസ്ഥ, ഉപഭോക്തൃ വിപണിനിക്ഷേപം തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ നേട്ടങ്ങൾ കണക്കിലെടുത്ത് ഇന്ത്യാ ടുഡെയുടെ സർവ്വേയിൽ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചിരിക്കുന്നു. ദുരിതങ്ങളനുഭവിക്കുന്ന ആളുകൾക്ക് ആശ്വാസം നൽകുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ ചെറുതാക്കി കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ആശ്വാസ കിരണം, ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം, ശ്രുതിതരംഗം, കോക്ലിയർ ഇംപ്ലാന്റേഷൻ മുതലായ പദ്ധതികൾ നടപ്പിലാക്കിയ സാമൂഹ്യനീതി വകുപ്പിനെ അഭിനന്ദിക്കുകയാണ്. അട്ടപ്പാടി മേഖലയിലെ ആദിവാസി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചതിലൂടെ അവിടെയുണ്ടായ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ഫലപ്രദമായി ഇടപെടുകയും പരിസ്ഥിതി ലോല മേഖലയിലെ വനഭൂമിയും കൃഷിഭൂമിയും ജനവാസകേന്ദ്രവും വേർതിരിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചതും

സ്വാഗതാർഹമാണ്. വനഭൂമിയിൽ താമസിക്കുന്ന ജനങ്ങളെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ജി. സുധാകരൻ : നന്ദിപ്രമേയത്തെ എതിർക്കുന്നു. യു.ഡി.എഫ്-ന്റെ ജനദ്രോഹ നയങ്ങളിൽനിന്നും നാടിനെയും ജനങ്ങളെയും രക്ഷിക്കുകയെന്ന ദൗത്യമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. മൃഗങ്ങളെ ബാധിച്ചിരിക്കുന്ന കുളമ്പ് രോഗം ചികിത്സിക്കുന്നതിന് ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയാണുള്ളത്. ഭരണഘടനയ്ക്കെതിരായ പ്രവർത്തനങ്ങൾ നടത്തി സംസ്ഥാനത്തിന്റെ വികസനത്തെ അധ:പതനത്തിലേക്ക് നയിക്കുന്ന നിലപാടുകളുമായാണ് യു.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊന്നുംതന്നെ നടപ്പാക്കാതെ വാഗ്ദാനങ്ങൾ മാത്രമാണ് ഈ സർക്കാർ നൽകുന്നത്. തെരഞ്ഞെടുപ്പുകളിൽ വർഗ്ഗീയവാദികളെ സഹായിക്കുകയെന്നതല്ല കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയം.

ശ്രീ. കെ. ശിവദാസൻ നായർ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനെ പ്രതിപക്ഷം ആക്ഷേപിക്കുന്നത് ശരിയല്ല.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആറന്മുള വിമാനത്താവള നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനെ അനുകൂലിക്കുകയും ഇപ്പോൾ എതിർക്കുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കണം. പത്തനംതിട്ട ജില്ലയുടെയും മധ്യതിരുവിതാംകൂറി ന്റെയും വികസനത്തിനുതകുന്ന ഒരു പദ്ധതിയായതുകൊണ്ടാണ് സർക്കാർ ഇതുമായി മുന്നോട്ടുപോകുന്നത്. വിമാനത്താവളത്തിന്റെ പുരോഗതി പരിശോധിക്കാൻ കഴിഞ്ഞ എല്.ഡി.എഫ്. സർക്കാർ യോഗം വിളിച്ചത് വസ്തുതയാണ്. ഈ പ്രോജക്ട് നടപ്പാക്കേണ്ടെന്ന് നിയമസഭാ പരിസ്ഥിതി സമിതി അഭിപ്രായപ്പെട്ടിട്ടില്ല. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് അങ്ങേയറ്റം പ്രാമുഖ്യം നൽകുന്ന സർക്കാരാണിത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറെക്കൊണ്ട് നടത്തിക്കുന്ന പ്രഖ്യാപനങ്ങളോട് യാതൊരു നീതിയും പുലർത്താത്ത സർക്കാരാണിത്. മുൻകാലങ്ങളിൽ പ്രഖ്യാപിച്ച ഒരു പദ്ധതിയും യാഥാർത്ഥ്യമാക്കിയിട്ടില്ല. യു.ഡി.എഫ്. എം.എല്.എ.-മാർക്ക് മാത്രമാണ് ആസ്തി വികസന ഫണ്ട് അനുവദിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : എല്ലാ എം.എല്.എ.-മാർക്കും 5 കോടി രൂപാവീതം ആസ്തി വികസന ഫണ്ട് അനുവദിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഒരു വിവേചനവും ഉണ്ടായിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : പ്രതിപക്ഷത്തുള്ള എം.എല്.എ.-മാരുടെ വർക്കുകൾ ടെണ്ടർ ചെയ്യാൻ തയ്യാറാകുന്നില്ല. ഇത് ഭരണസ്ഥിരതയില്ലാത്ത ഒരു സർക്കാരായി മാറിയിരിക്കുകയാണ്. മുഖ്യമന്ത്രി കോടിക്കണക്കിന് രൂപയാണ് ജനസമ്പർക്ക പരിപാടിക്കുവേണ്ടി ചെലവഴിച്ചത്. ജനോപകാരപ്രദമായ കാര്യങ്ങളിൽ പൊതു തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയണം. ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്ന കാര്യത്തിൽ പൊതുമാനദണ്ഡം പാലിക്കപ്പെടുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് നടത്തുന്ന പ്രഖ്യാപനങ്ങളെല്ലാം വിവാദങ്ങളിലാണ് എത്തിനിൽക്കുന്നത്. സ്ത്രീ സുരക്ഷ അപകടത്തിലായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നിർഭയ പദ്ധതിക്കായി പ്രഖ്യാപിച്ച തുക നേടിയെടുക്കാൻ സാധിച്ചില്ല എന്നത് അപലപനീയമാണ്. പാചകവാതകത്തിനും നിത്യോപയോഗ സാധനങ്ങൾക്കും വില വർദ്ധിച്ചതിലൂടെ സാധാരണക്കാരന് ജീവിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. കേരളത്തിൽ എ.പി.എൽ. വിഭാഗക്കാർക്ക് കിട്ടിക്കൊണ്ടിരുന്ന ഗോതമ്പ് ബി.പി.എൽ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ക്രിസ്തുമസ് കാലത്ത് കേന്ദ്രം അനുവദിച്ച അരി എടുക്കാത്തതിനാൽ അരിയുടെ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കാത്ത സാഹചര്യമുണ്ടായി. സോളാർ കേസിന്റെ അന്വേഷണം സംബന്ധിച്ച് ഉയർന്നുവന്ന എല്ലാ ആക്ഷേപങ്ങളും പരിശോധിച്ച് നിഷ്പക്ഷമായ അന്വേഷണം

നടത്തണം. സോളാർ കേസ് സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന് സർക്കാർ സമ്മതിച്ചുവെങ്കിലും മുഖ്യമന്ത്രിയുടെ ഓഫീസ് അന്വേഷണത്തിന്റെ പരിധിയിൽ വരില്ലെന്ന നിലപാട് സ്വീകരിക്കുകയും ഏകപക്ഷീയമായി റിട്ടയേഡ് ജഡ്ജിയെവച്ച് അന്വേഷണം പ്രഹസനമാക്കി മാറ്റുകയുമാണ് ചെയ്തത്. ആസന്നമായിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലൂടെ ജനങ്ങളുടെ കോടതിയിലേക്ക് പോകാനാണ് ഇടതുപക്ഷം തീരുമാനിച്ചിട്ടുള്ളത്. 2013 ഏപ്രിൽ മാസത്തിനുശേഷം സർവ്വീസിൽ കയറിയ ജീവനക്കാരെ പങ്കാളിത്ത പെൻഷനും സ്റ്റാറ്റ്യൂട്ടറി പെൻഷനും ഇല്ലാത്ത വിഭാഗക്കാരായി മാറ്റിയെടുത്തിരിക്കുകയാണ്.

സഭ വൈകുന്നേരം 5.28-ന് പിരിഞ്ഞു.

******************************